**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1278** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് വർദ്ധന</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിൽ ഫീസ് വർദ്ധനവ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് ഘടന നിർണയിക്കുന്നത് നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും സർക്കാർ നയത്തിനും വിധേയമായാണ്. ഫീസ് വർദ്ധനവ് സംബന്ധിച്ച ഏതൊരു തീരുമാനവും ബന്ധപ്പെട്ട നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം സർക്കാരിന്റെ അംഗീകാരത്തോടെ മാത്രമേ നടപ്പിലാക്കുകയുള്ളൂ.

2026-27 അധ്യയന വർഷത്തേക്കുള്ള ഫീസ് ഘടന സംബന്ധിച്ച് ഇതുവരെ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഫീസ് നിർണയവുമായി ബന്ധപ്പെട്ട ശുപാർശകളും മറ്റ് പ്രസക്തമായ കാര്യങ്ങളും പരിശോധിച്ചുവരികയാണ്. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും താൽപര്യവും സ്ഥാപനങ്ങളുടെ ന്യായമായ ആവശ്യങ്ങളും ഒരുപോലെ പരിഗണിച്ചുകൊണ്ട്, നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചായിരിക്കും ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുക.

**(ബി)** സ്വകാര്യ മേഖലയിലെ ഓട്ടോണമസ് എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രത്യേക ഫീസ് ഘടന അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. 2024 അധ്യയന വർഷത്തെ ഫീസിന്റെ നിരക്ക് ഓട്ടോണോമസ് കോളേജ് മാനേജ്മെന്റുകളും സർക്കാരും ചേർന്ന് ചർച്ച ചെയ്ത് 26.06.2024 തീയതിയിൽ GO (Ms) No. 399/2024/HEDN നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഫീസ്, ഫീസ് നിർണയ സമിതി പരിശോധിച്ച് ചില ഇനങ്ങൾ മാറ്റം വരുത്തി 4.6.2025 തീയതിയിലെ FRC50/25/ENGG/AMCAECK നമ്പർ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 2024ന് ശേഷം ബിടെക് കോഴ്സിന് ഓട്ടോണോമസ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് വർധിപ്പിച്ചിട്ടില്ല.

**(സി)** ഫീസ് വർദ്ധന നടപ്പിലാക്കുമ്പോൾ അംഗീകൃത വിദ്യാർത്ഥി സംഘടനകളുമായി ചർച്ച നടത്താൻ തയ്യാറാകുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** **അർദ്ധ** ജുഡീഷ്യൽ സ്ഥാപനമായ ഫീസ് നിർണയ സമിതിയാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്. നിലവിലുള്ള നിയമങ്ങളുടെയും കോടതി വിധികളുടെയും അടിസ്ഥാനത്തിൽ ഫീസ് നിർണയ വിഷയത്തിൽ വിദ്യാർത്ഥികളെയോ വിദ്യാർത്ഥി സംഘടനകളെയോ

തീരുമാനമെടുക്കുന്നതിന് മുമ്പായി കേൾക്കേണ്ട ആവശ്യമില്ല. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫീസ് നിരക്ക് സംബന്ധിച്ച തർക്കത്തിലെ തീരുമാനമെടുക്കുന്ന സന്ദർഭത്തിൽ ബന്ധപ്പെട്ട വിദ്യാർത്ഥികളെ കേൾക്കുന്നതിന് നിർദേശം ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ വിളിച്ച് വാദം കേൾക്കാറുണ്ട്.

**സെക്ഷൻ ഓഫീസർ**